3513/P1/18/KSFDC 17/04/2023

# കേരള ചലച്ചിത്ര വികസന കോർപറേഷൻ ലിമിറ്റഡ്

ചലച്ചിത്ര കലാഭവൻ, വഴുതക്കാട്, തിരുവനന്തപുരം 695014

ഫോൺ 0471-2325325, email: ksfdckiifb@gmail.com website: www.ksfdc.in

## ക്വട്ടേഷൻ/ലേല പരസ്യം

തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിൽ ആമ്പല്ലൂർ വില്ലേജിൽ ആമ്പല്ലൂർ ജംഗ്ഷനിൽ നിന്ന് 100 മീറ്റർ മാറി പഴയ ബസ്റ്റാന്റ് ഭാഗത്ത് നിർമ്മാണം പുരോഗമിക്കുന്ന തിയേറ്റർ സമുച്ചയത്തിൽ നിന്നും ഏകദേശം 800 ക്യുബിക് മീറ്റർ മണ്ണ് ലേലം ചെയ്ത് വിൽപനക്കായി തീരുമാനിച്ചിരിക്കുന്നു.

വിശദ വിവരങ്ങൾ/വ്യവസ്ഥകൾ താഴെ കൊടുക്കുന്നു

1. ലേലം ലഭിക്കുന്നയാൾ നിയമപ്രകാരം വിവിധ വകുപ്പുകളുടെ അനുമതി സ്വന്തം ചെലവിലും ഉത്തരവാദത്തിലും വാങ്ങി ലേലം/വർക്ക് ഓർഡർ ലഭിച്ച് 3 ദിവസങ്ങൾക്കുള്ളിൽ സ്വന്തമായി ഏർപ്പാടാക്കിയ വാഹനത്തിൽ മണ്ണ് നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സർക്കാരിന്റെ ലേല സംബന്ധമായി നിലവിലുള്ള എല്ലാ നിയമങ്ങളും ഈ ലേലത്തിനും ബാധകമായിരിക്കും.

3. മണ്ണ് കൊണ്ടുപോകാൻ ഉദ്ദേശിക്കുന്ന വണ്ടിയുടെ മോഡൽ വണ്ടിയിൽ കൊള്ളുന്ന വ്യാപ്തം (ക്യുബിക് മീറ്ററിൽ) വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സമർപ്പിക്കുന്ന ക്വട്ടേഷൻപരിഗണിക്കുന്നതല്ല.

4. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി ക്യൂബിക് മീറ്റർ ഒന്നിന് എന്ന നിരക്കിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. ബാധകമായ നികുതികൾ നൽകേണ്ടതാണ്.

5. ഏകദേശം 800 ക്യൂ.മീ ആണ് നിലവിൽ മണ്ണിന്റെ വ്യാപ്തം കണക്കാക്കിയിരുന്നത്. ആയതിനാൽ ക്വട്ടേഷൻ/ലേല പ്രകാരം ഉറപ്പിച്ച തുക അഡ്വാൻസ് ആയി കെ.എസ്.എഫ്.ഡി.സി.യുടെ അക്കൗണ്ടിലേയ്ക്ക് അടയ്ക്കുന്ന മുറയ്ക്ക് മണ്ണെടുക്കുന്നതിനുള്ള ക്ലിയറൻസ് നൽകുന്നതാണ്.

6. സൈറ്റ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം കെ.എസ്.എഫ്.ഡി.സി.യുടെ തിയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് സംപ് ടാങ്ക് വേണ്ടി കുഴിക്കുന്ന മണ്ണ് മുഴുവനായി നീക്കം ചെയ്യുകയും നീക്കം ചെയ്ത മണ്ണിന്റെ അളവ് രേഖപ്പെടുത്തി കെ.എസ്.എഫ്.ഡി.സി.യിൽ സമർപ്പിച്ച് ബോധ്യപ്പെടുന്നതോടെ നടപടികൾ അവസാനിക്കുന്നതാണ്.

7. ക്വട്ടേഷനിൽ ക്വാട്ട് ചെയ്തിരിക്കുന്ന യൂണിറ്റ് നിരക്ക് ഈ ഓഫീസിൽ ഒടുക്കേണ്ടുന്ന തുക മാത്രമാണ്. മറ്റ് വകുപ്പുകളിലേക്കുള്ള യാതൊരുവിധത്തിലുമുള്ള ഫീസുകളും ടി തുകയിൽ ഉൾപ്പെടുന്നതല്ല.

8. ലേലത്തിന് പങ്കെടുക്കുന്നവർ ഇ എം ഡി ആയി **Rs**10,000/രൂപ (പതിനായിരം) അടച്ച് രസീത് സഹിതം സീൽഡ് കൊട്ടേഷനോടൊപ്പം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ് . കൊട്ടേഷൻ ഉറപ്പിച്ച് നൽകി ഒരാഴ്ചയ്ക്കുള്ളിൽ തുടർ നടപടികൾ സ്വീകരിച്ച് മണ്ണ് നീക്കം ചെയ്യാത്ത പക്ഷം മറ്റൊരു നോട്ടീസും കൂടാതെ ഇ എം ഡി കണ്ടുകെട്ടുന്നതാണ്.

9. ലേലം ഉറപ്പിക്കുന്നത്/റദ്ദ് ചെയ്യുന്നത് സംബന്ധിച്ച് കെ.എസ്.എഫ്.ഡി.സി. മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

സ്ഥലം : അളഗപ്പ നഗർ തിയേറ്റർ സമുച്ചയ പരിസരം, ആമ്പല്ലൂർ വില്ലേജ്, തൃശ്ശൂർ.

**ക്വട്ടേഷൻ സമർപ്പിക്കേണ്ടഅവസാന തീയതി സമയം** : :27/04/2023, 3.00 Pm

**<u>EMD Payable details</u>**

A/c No-00000067275140196

IFC Code-SBIN0070033

<u>ക്വട്ടേഷൻ സമർപ്പിക്കേണ്ടമേൽവിലാസം</u> :

MANAGING DIRECTOR,KSFDC Ltd., CHALACHITRA KALABHAVAN, VAZHUTHACAUD, THIRUVANANTHAPURAM, KERALA 695014

ക്വട്ടേഷൻ തുറക്കുന്ന തിയതി, സമയം:29/04/2023, 11.00 Am

S/d

മാനേജിംഗ് ഡയറക്ടർ